**4. വിവരം നൽകുന്നതിനുള്ള ഫീസ്.**— (1) 7-ാം വകുപ്പിലെ (1)-ാം ഉപവകുപ്പു പ്രകാരം വിവരം ലഭിക്കുന്നതിന് [1][പ്രത്യേക ഫീസ് നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത സംഗതികളിൽ താഴെപറയും പ്രകാരമാണ് ഫീസ് ഈടാക്കേണ്ടത്]

(a) A4 വലിപ്പത്തിലുള്ള പേപ്പറിന് ഓരോ പേജിനും രണ്ടു രൂപ വീതം

(b) വലിപ്പം കൂടിയ പേപ്പറിന് അതിന്റെ യഥാർത്ഥ വിലയോ പകർപ്പിന് ചെലവായ തുകയോ

(c) സാമ്പിളുകൾ, മോഡലുകൾ, ഭൂപടങ്ങൾ, പ്ലാനുകൾ എന്നിവയ്ക്ക് അതിന്റെ യഥാർത്ഥ ചെലവോ വിലയോ

(d) രേഖകൾ പരിശോധിക്കുന്നതിന്, ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല. തുടർന്നുള്ള ഓരോ 30 മിനിട്ടിനോ അതിന്റെ ഭാഗത്തിനോ പത്തു രൂപ വീതം

(2) 7-ാം വകുപ്പിലെ (5)-ാം ഉപവകുപ്പ് പ്രകാരം വിവരം ലഭിക്കുന്നതിന് താഴെപ്പറയുന്ന നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണ്:—

(a) ഡിസ്ക്ക്, ഫ്ളോപ്പി, സി.ഡി അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രാണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിന് 50 രൂപ (ഓരോന്നിനും)

(b) അച്ചടി രൂപത്തിൽ ലഭ്യമാക്കുന്ന വിവരങ്ങൾക്ക് ഓരോ പേജിന് രണ്ടു രൂപ വീതം അല്ലെങ്കിൽ അങ്ങനെയുള്ള പ്രസിദ്ധീകരണത്തിന് നിശ്ചയിച്ചിരിക്കുന്ന യഥാർത്ഥ വില

(3) ഉപവകുപ്പ് (1)-ലും (2)-ലും പ്രതിപാദിച്ചിരിക്കുന്ന ഫീസ്, പണമായി സ്വീകരിച്ചു കൊണ്ട് രസീത് നൽകിയോ * "0070-60-118-99- Receipts under the Right to Information Act, 2005" എന്ന അക്കൗണ്ട് ഹെഡ്ഡിൽ ട്രഷറിയിൽ പണം ഒടുക്കിയോ ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്കേഴ്സ് ചെക്ക്, പേ ഓർഡർ [2][അഥവാ ഈ ആവശ്യത്തിലേക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്ന ശരിയായ രസീതിൻമേൽ അക്ഷയ പൊതുസേവനകേന്ദ്രങ്ങളിലോ, സർക്കാർ യഥാവിധി പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും ഏജൻസിയിലോ തുക ഒടുക്കൽവഴി അഥവാ, ഈ ആവശ്യത്തിലേക്കായി ഇലക്ട്രോണിക് മാർഗ്ഗങ്ങളിലൂടെ ഫീസ് സ്വീകരിക്കുന്നതിന് സംസ്ഥാനം രൂപകല്പന ചെയ്തിട്ടുള്ള ഇ-പേയ്മെന്റ് ഗേറ്റ്‌വെപോലുള്ള സൗകര്യം ഓൺലൈൻ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്നപക്ഷം, സർക്കാർ അക്കൗണ്ടിലേക്ക് ഇലക്ട്രോണിക് പേയ്മെന്റുവഴി] സ്വീകരിക്കാവുന്നതാണ്.

[1][എന്നാൽ, സർക്കാർ വകുപ്പുകൾ ഒഴികെയുള്ള പൊതു അധികാരകേന്ദ്രങ്ങളുടെ സംഗതിയിൽ ചട്ടം 3ന്റെ ഖണ്ഡം cയിലും dയിലും പറഞ്ഞിരിക്കുന്ന വിധത്തിൽ അങ്ങനെയുള്ള പൊതു അധികാരകേന്ദ്രത്തിന്റെ അക്കൗണ്ടിലേയ്ക്കാണ് ഫീസ് ഒടുക്കേണ്ടത്.]

(4) ഉപചട്ടം (1)-ലും (2)-ലും എന്തുതന്നെ അടങ്ങിയിരുന്നാലും ക്ഷമതയുള്ള അധികാരസ്ഥാനത്താൽ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് നിർണ്ണയിച്ചിട്ടുള്ള ഒരു വ്യക്തിയിൽ നിന്നും യാതൊരു ഫീസും ഈടാക്കാൻ പാടുള്ളതല്ല (ചട്ടം 4(1)(b)യ്ക്ക് കീഴിലുള്ള വിവരങ്ങൾക്കൊഴികെ). എന്നാൽ (ചട്ടം 4(1)(a)യ്ക്ക് കീഴിലുള്ള സാധനങ്ങളുടെ സൗജന്യ വിതരണം ഇരുപതു പേജു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള അപേക്ഷകർ തങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് തെളിയിക്കുന്ന സാധുതയുള്ള ഒരു സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. **ഡിമാന്റ് ഡ്രാഫ്റ്റ് മുതലായവ വഴി ഫീസ് ഒടുക്കുന്നത്.**— ചട്ടം 3-ലോ 4-ലോ പ്രതിപാദിച്ചിട്ടുള്ള എല്ലാ ഡിമാന്റ് ഡ്രാഫ്റ്റുകളും ബാങ്കേഴ്സ് ചെക്കുകളും പേ ഓർഡറുകളും സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസറുടെയോ അസിസ്റ്റന്റ് ഇൻഫർമേഷൻ ആഫീസറുടെയോ ഉദ്യോഗപ്പേരിൽ മാറാവുന്നതും അവ ആ ആഫീസർമാരുടെ ആഫീസിനടുത്ത് സ്ഥിതിചെയ്യുന്ന ദേശസാൽകൃത / ഷെഡ്യൂൾഡ് ബാങ്കിന്റെയോ ബ്രാഞ്ചിൽ നിന്നും മാറാവുന്ന രീതിയിൽ ഉള്ളതുമായിരിക്കണം.